പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2172 | 12.02.2013-ൽ മറുപടിക്ക്.

## ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ നിർമ്മാണം എന്നാണ് പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കാമോ ; | : (എ) 23.08.2012-ൽ ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കി. |
| (ബി) പഴയ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ എന്താണ് തടസ്സം; | : (ബി) പുതിയ കെട്ടിടത്തിലേയ്ക്കുള്ള വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനും ലഭ്യമാക്കേണ്ടതായിട്ടുണ്ട്. |
| (സി) തടസ്സം നീക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്നും പുതിയ കെട്ടിടത്തിൽ സ്റ്റേഷന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്നും വ്യക്തമാക്കാമോ? | : (സി) പ്രസ്തുത കെട്ടിടം നിൽക്കുന്ന സ്ഥലം പോലീസ് വകുപ്പിന് കൈമാറിക്കിട്ടിയാൽ മാത്രമേ പൊസഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുകയുള്ളു . പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ കെട്ടിട നമ്പരും അതു പ്രകാരം വൈദ്യുത കണക്ഷനും വാട്ടർ കണക്ഷനും ലഭ്യമാകുകയുള്ളു. പ്രസ്തുത ഭൂമി കൈമാറിക്കിട്ടുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ